**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3157** | **20.06.2014-ൽ മറുപടിക്ക്**

## നീര ഉല്പാദനത്തിന് നിലനിന്നിരുന്ന തടസ്സങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.റ്റി.എൻ. പ്രതാപൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) നീര ഉല്പാദിപ്പിക്കുന്നതിൽ നിലനിന്നിരുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിനായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് നീര ഉല്പാദനവും വിപണനവും സാദ്ധ്യമാകുന്ന വിധത്തിൽ The Kerala Sweet Toddy(NEERA) Rules, 2014 പ്രാബല്യത്തിൽ വരുകയും അതിൻ പ്രകാരം, ബോണഫൈഡ് ജാഗറി ഉല്പാദകർ; കേരള സ്റ്റേറ്റ് ബിവറേജസ് (Manufacturing & Marketing) കോർപ്പറേഷൻ ലിമിറ്റഡ്; നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി/കമ്മിറ്റി, കോക്കനട്ട് പ്രൊഡ്യൂസേഴ്സ് ഫെഡറേഷൻ;കേരള കാർഷിക സർവ്വകലാശാല; അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ;കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ എന്നിവർക്ക് നീര ഉല്പാദനത്തിനും വിപണനത്തിനും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| ബി) നീര ഉല്പാദനത്തിനും പ്രചരണത്തിനും മാതൃകാ സംരംഭങ്ങൾക്ക് ആരംഭം കുറിച്ചിട്ടുണ്ടോ: എങ്കിൽ അതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ: | ബി) | കേരള കാർഷിക സർവ്വകലാശാലയിൽ മൂന്നു പൈലറ്റ് പ്ലാന്റുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സി) നീര ഉല്പാദനത്തിന് അനുയോജ്യമായ തെങ്ങുകൾ എത്ര ഇനമുണ്ടാകുമെന്നും അനുയോജ്യ പ്രദേശങ്ങൾ ഏതൊക്കെയെന്നും കണ്ടെത്തിയിട്ടുണ്ടോ: എങ്കിൽ അതു സംബന്ധിച്ച വിശദ വിവരം നൽകാമോ?

നീര ഉല്പാദനത്തിന് തെരഞ്ഞെടുക്കുന്ന തെങ്ങുകൾക്ക് വേണ്ട ഗുണമേന്മകൾ താഴെ പറയുന്നവയാണ്.

**പ്രായം :** 15 മുതൽ 50 വർഷം പ്രായമുള്ള തെങ്ങുകൾ

**ഉല്പാദനക്ഷമത :** ഒരു വർഷത്തിൽ ചുരുങ്ങിയത് 12 പൂക്കുലകളെങ്കിലും ഉല്പാദിപ്പിക്കുന്ന സ്വഭാവം. പൂക്കുലകളുടെ മദ്ധ്യഭാഗം സാമാന്യം വണ്ണമുള്ളതായിരിക്കണം.

**യോജിച്ച ഇനങ്ങൾ :** നാടൻ ഇനമായ വെസ്റ്റ് കോസ്റ്റ് ടാൾ (ഡബ്ലിയു സി.റ്റി), സങ്കരയിനങ്ങൾ, ലക്ഷദ്വീപ് ഓർഡിനറി എന്നീ ഇനങ്ങൾ അനുയോജ്യമാണെന്ന് ഇതുവരെയുള്ള പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഉയരം കുറഞ്ഞതും സ്പൈക്കേറ്റ ഇനങ്ങളും ഉല്പാദനക്ഷമത കുറവായതിനാൽ അനുയോജ്യമല്ല.

**സെക്ഷൻ ഓഫീസർ**